## 1155

ഇതുപോൽ നല്ലോരു രക്ഷകൻ ശ്രീയേശുവല്ലാ-
തില്ല മന്നിലും വിണ്ണിലുമേ

1 പാപികളാകും മാനവർക്കായ് പരലോകം വിട്ടു ധരയിൽ വന്നു
പരിശുദ്ധൻ ക്രൂശിൽ നിണം ചൊരിഞ്ഞു
പാപിക്കു മോക്ഷത്തിൻ വഴി തുറന്നു-

2 മരണത്തിൻ ഭീതി പൂണ്ടിനിയും ശരണമറ്റാരും വലഞ്ഞിടാതെ
മരണം സഹിച്ചു ജയം വരിച്ച പരമരക്ഷകനിലാശ്രയിക്ക-

3 സത്യമായ് തന്നിൽ വിശ്വസിച്ചാൽ നിത്യശിക്ഷാവിധി നീങ്ങിടുമേ
രക്ഷകനെയിന്നു തിരസ്കരിച്ചാൽ രക്ഷയ്ക്കായ് വേറില്ല വഴിയുലകിൽ-

4 മുൾമുടി നൽകി നിന്ദിച്ചയീ മന്നിതിൽ മന്നനായ് വന്നിടുമേ
പൊന്മുടി ചൂടി വന്ദിതനായ് മന്നിടം നന്നായ് ഭരിച്ചിടും താൻ-

**G.P.**